**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.44** | **28.10.2019-ൽ മറുപടിക്ക്**

## പി.എസ്.സി. ഒഴിവുകൾ

**ചോദ്യം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഒഴിവുകളും അപ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി വകുപ്പ് മേധാവികൾക്ക് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും പല വകുപ്പ് മേധാവികളും ഇക്കാര്യത്തിൽ ജാഗ്രത കാണിക്കുന്നില്ലായെന്നത് വസ്തുതയല്ലേ എന്ന് അറിയിക്കുമോ ; | (എ) യും (ബി) യും (സി) യും | വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകളും നടത്താറുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിലും നിയമനാധികാ-രികളുടെ കാര്യാലയങ്ങളിൽ പരിശോധന നടത്താറുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലായെന്നുള്ള ഉദ്യോഗാർത്ഥികളുടെ പരാതികളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ നേരിട്ട് അന്വേഷണം നടത്താറുണ്ടോ; | | |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഏതൊക്കെ വകുപ്പ് മേധാവികൾക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചു;വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**